A

8001

സമഗ്ര ശിക്ഷാ കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ-കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ് : 8

സമയം : 2 മണിക്കൂർ

സ്കോർ : 45

---

**നിർദ്ദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് ഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. എല്ലാ ഉത്തരക്കടലാസിലും പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നിവ രേഖപ്പെടുത്തണം.

---

## ആരോഗ്യ-കായികവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(4x1=4)**

1. ഉയരത്തിൽ നിന്നും ചാടുമ്പോൾ, തറയിൽ പതിക്കുന്നതിന്റെ ആഘാതം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം ഏത്?
   a. റോളിംങ് b. ലാൻഡിങ് c. സ്ലൈഡിങ് d. സ്കേറ്റിംഗ്
2. ബോധരഹിതനായ ആൾക്ക് നൽകുന്ന പ്രഥമ ശുശ്രൂഷ എന്ത്?
   a. ACC b. ABZ c. ABC d. CBA
3. ബോധരഹിതനായ ഒരാളുടെ ശ്വാസോച്ഛ്വാസ മാർഗങ്ങളിൽ എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് പരിശോധിക്കുന്ന രീതി ഏത്?
   a. വായു സഞ്ചാരമാർഗ്ഗം b. ചോക്കിങ്
   c. രക്തചംക്രമണം d. റൊട്ടേഷൻ
4. അസ്ഥികൾക്കുണ്ടാകുന്ന പൊട്ടലുകൾക്ക് പറയുന്ന പേര് എന്ത് ?
   a. സ്ലിങ് b. അസ്ഥിഭംഗം c. ഡിസ് ലൊക്കേഷൻ d. സ്പ്ലിന്റ്
5. സന്ധികളിൽ നിന്ന് അസ്ഥികൾ മാറിനില്ക്കുന്ന അവസ്ഥയാണ്:
   a. ഡിസ് ലൊക്കേഷൻ b. സ്ട്രെയ്ൻ
   c. സ്പ്രെയ്ൻ d. സബ്ലക്സേഷൻ
6. ലോക ആരോഗ്യ ദിനം ആചരിക്കുന്നത് എന്ന്?
   a. ഏപ്രിൽ 7 b. ഒക്ടോബർ 16 c. ജൂൺ 5 d. സെപ്റ്റംബർ 7

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(4x2=8)**

7. റോളിംങ് എന്നാൽ എന്ത്?
8. പ്രഥമ ശുശ്രൂഷയുടെ ഭാഗമായ A, B,C യുടെ പൂർണ്ണരൂപം എഴുതുക.
9. അസ്ഥി ഭംഗത്തിന്റെ ഏതെങ്കിലും രണ്ട് ലക്ഷണങ്ങൾ എഴുതുക.

10. സ്ലിങ് എന്നാൽ എന്ത്?

11. ഫുട്ബോൾ കളിയിൽ ഗ്രീൻകാർഡ് നൽകുന്നത് എപ്പോൾ ?

12. പേശികളുടെ പ്രധാന ധർമ്മങ്ങൾഎന്തെല്ലാം?

**13, 14 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ. (1x3=3)**

13. അസ്ഥിഭംഗം എന്നാൽ എന്ത്? ഇതിന് നൽകാവുന്ന പ്രഥമ ശുശ്രൂഷകൾ ഏവ ?

14. സൂര്യാഘാതം എന്നാൽ എന്ത് ? ഇതിന്റെ ലക്ഷണങ്ങൾ ഏവ ?

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം. (4x1=4)**

1. 'ഹംസദമയന്തി' എന്ന പ്രസിദ്ധമായ ചിത്രം വരച്ചതാർ?
   a. സ്വാതി തിരുനാൾ b. രാജാ രവിവർമ്മ
   c. ശ്രീ ചിത്തിര തിരുനാൾ d. അവിട്ടം തിരുനാൾ

2. തുഴക്കാരുടെ കൈകളുടെ താളത്തിനനുസരിച്ച് പാടുന്ന പാട്ടിന്റെ പേര് എന്ത്?
   a. നാടൻപാട്ട് b. പുള്ളുവൻ പാട്ട് c. മാപ്പിളപ്പാട്ട് d. വഞ്ചിപ്പാട്ട്

3. വെളിച്ചത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി, വെട്ടിയെടുത്ത രൂപങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുന്ന പാവ നാടകം?
   a. കൈയ്യുറപ്പാവ b. വടിപ്പാവ c. നിഴൽപ്പാവ d. നൂൽപ്പാവ

4. ഇടഞ്ഞ ആന മുൻപിൽ വരുമ്പോൾ കുട്ടിയുടെ ഭാവം?
   a. വീരം b. രൗദ്രം c. ശാന്തം d. ഭയാനകം

5. 'പ്രളയം' പ്രമേയമാക്കി ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്ത മലയാള ചലച്ചിത്രം ഏത്?
   a. ഓം ശാന്തി ഓശാന b. സാറാസ്
   c. 2018 d. ഒരു മുത്തശ്ശി ഗദ

6. തമിഴ്നാടിന്റെ തനത് നൃത്തരൂപം ഏത്?
   a. മോഹിനിയാട്ടം b. ഭരതനാട്യം c. കഥക് d. കുച്ചിപ്പുടി


**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (3x2=6)**

7. ചേരുംപടി ചേർക്കുക.


| A | B |
|---|---|
| a. ജയദേവർ | മാപ്പിളപ്പാട്ട് |
| b. മൊയീൻകുട്ടി വൈദ്യർ | നാടൻപാട്ട് |
| c. അറുമുഖൻ വെങ്കിടങ്ങ് | വഞ്ചിപ്പാട്ട് |
| d. രാമപുരത്തുവാര്യർ | അഷ്ടപദി |

8. മുഖത്തെഴുത്ത് ആവശ്യമായ രണ്ട് കലാരൂപങ്ങളുടെ പേര് എഴുതുക.

9. താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്ന് കാർട്ടൂണിസ്റ്റിനെ തിരിച്ചറിഞ്ഞ് പദസൂര്യൻ പൂർത്തിയാക്കുക.




10. താഴെ തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച്, ചിത്രത്തിൽ കാണുന്ന മുദ്രകളുടെ പേരെഴുതുക.



a ............................ b ............................ c ............................ d ............................

11. 'ഉച്ചഭക്ഷണസമയത്ത് ക്ലാസ് മുറിയുടെ വരാന്തയിൽ വിഷമിച്ചിരിക്കുന്ന കുട്ടിയെ ആശ്വസിപ്പിക്കുന്ന അധ്യാപകൻ/അധ്യാപിക'. ഈ സന്ദർഭത്തിന് ഉചിതമായ സംഭാഷണം തയ്യാറാക്കുക.

**12 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ** **(1x5=5)**

12. വ്യത്യസ്ത ഈണത്തിലുള്ള അഞ്ച് സിനിമാഗാനങ്ങളുടെ ഓരോ വരികൾ എഴുതുക.

13. ഹാസ്യവും ഒപ്പം വിമർശനവും ഉൾപ്പെടുത്തി വരയ്ക്കുന്നതാണല്ലോ കാർട്ടൂൺ. ആനുകാലിക പ്രസക്തിയുള്ള ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ഒരു കാർട്ടൂൺ വരയ്ക്കുക.

## പ്രവൃത്തിപഠനം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(3×1=3)**

1. ഓഫീസ് ഫയൽ നിർമ്മാണത്തിൽ ഫ്ളാപ്പ് വയ്ക്കുന്നതിന് ആവശ്യമായ തുണിയേത്?
a. പോപ്ളിൻ b. കാലിക്കോ c. പോളിസ്റ്റർ d. സിൽക്ക്

2. അലങ്കാരത്തയ്യലുകളിൽ (എംബ്രോയിഡറി) ഏറ്റവും ബലമുള്ള തയ്യലാണ്:
a. ബാക്ക് സ്റ്റിച്ച് b. ചെയിൻ സ്റ്റിച്ച് c. ഫ്രഞ്ച് നോട്ട് d. ബട്ടൺ ഹോൾ സ്റ്റിച്ച്

3. പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃതവസ്തു ഏത്?

a. കുമ്മായം　b. സിമന്റ്　c. എം. സാന്റ്　d. ജിപ്സം

4. 50% ചുവപ്പ് + 50% ................. = വയലറ്റ്

a. പച്ച　b. ഓറഞ്ച്　c. നീല　d. മഞ്ഞ

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. (2 സ്കോർ വീതം)** **(4×2=8)**

5. രാസകീടനാശിനികളുടെ അമിതമായ ഉപയോഗം വലിയതോതിൽ പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രകൃതിക്കും ആരോഗ്യത്തിനും ദോഷകരമല്ലാത്ത കീടനാശിനി ഉപയോഗം നാം ശീലിക്കേണ്ടതാണ്.

മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവന വായിച്ചല്ലോ. രാസകീടനാശിനികളുടെ ഉപയോഗം മൂലമുണ്ടാകുന്ന ഒരു പാരിസ്ഥിതിക പ്രശ്നവും ഒരു ആരോഗ്യപ്രശ്നവും എഴുതുക.


6. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഏതെങ്കിലും നാല് അലങ്കാര വസ്തുക്കളുടെ പേര് എഴുതുക.

7. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| സ്റ്റഫ്ഡ് ടോയ് | ചിത്രത്തിന്റെ മാതൃക |
| സ്ട്രോ ബോർഡ് | വേസ്റ്റ് ബാസ്ക്കറ്റ് |
| ഫിനിക്സ് പേപ്പർ | ഫർ ക്ലോത്ത് |
| ന്യൂസ് പേപ്പർ | ബൊക്കെ |

8. ക്ലാസ്സിൽ ഫാബ്രിക് പെയിന്റിംഗ് ചെയ്യുന്നതിന് ചുവപ്പ് നിറത്തിന്റെ കാഠിന്യം (കടുപ്പം) കൂട്ടുകയും കുറയ്ക്കുകയും ചെയ്യണം. ഏതു നിറങ്ങളാണ് ഇതിനായി ഉപയോഗിക്കേണ്ടത്?

9. പദസൂര്യൻ പൂർത്തീകരിക്കുക.




**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ** **(4×1=4)**

10. ഈറ, മുള ഇവ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ ഏവ? ഇവ ഉപയോഗിച്ചുള്ള ഫ്ളവർ വേസ് നിർമ്മാണരീതി വിവരിക്കുക.

11. സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നാം ചെയ്യാറുണ്ട്. നിത്യ ജീവിതത്തിൽ ശുചിത്വം പാലിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക.